**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - മഞ്ചേരി നഗരസഭയിൽ റവന്യൂ ഓഫീസറായിരുന്ന ശ്രീ.കെ.വി.വേലായുധൻ, റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ കെ.പി. രാജേന്ദ്രൻ എന്നിവർക്കെതിരായി ആരംഭിച്ച നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2879/ 2018/ തസ്വഭവ. തീയതി, തിരുവനന്തപുരം, 12.11.2018

പരാമർശം : 1. ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്)ന്റെ 18.03.2015 തീയതിയിലെ CTP(Vig) 177/ 15 നമ്പർ റിപ്പോർട്ട്.
2. സർക്കാരിന്റെ 06.06.2017 തീയതിയിലെ ഇയു2-178/ 16/ തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ശ്രീ കെ.പി.രാജേന്ദ്രൻ സമർപ്പിച്ച 14.08.2017 തീയതിയിലെ മറുപടി.
4.ശ്രീ കെ.വി.വേലായുധൻ സമർപ്പിച്ച 19.08.2017 തീയതിയിലെ മറുപടി.
5.നഗരകാര്യ ഡയറക്ടറുടെ 19.02.2016, 14.09.2018 തീയതികളിലെ വി2-11541/ 15 നമ്പർ കത്തുകൾ.

## ഉത്തരവ്

മഞ്ചേരി നഗരസഭയിൽ 07/ 01/ 2015 തീയതിയിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ മിന്നൽ പരിശോധനയിൽ നഗരസഭയിലെ നറുകര വില്ലേജിൽ സർവ്വെ നം. 296/ 4 സ്ഥലത്ത് അനധികൃത നിർമ്മാണത്തിന് റഗുലറൈസേഷൻ ഫീസ് ഈടാക്കാതെ ക്രമവിരുദ്ധമായി കെട്ടിട നമ്പറും ഒക്യുപ്പൻസി സർട്ടിഫിക്കറ്റും നൽകിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ റവന്യൂ ഓഫീസറായിരുന്ന ശ്രീ.കെ.വി.വേലായുധൻ, റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ കെ.പി.രാജേന്ദ്രൻ എന്നിവർക്കെതിരെ കെ.എസ്.ആർ ഭാഗം 3 ചട്ടം 3(എ) പ്രകാരം നടപടി സ്വീകരിക്കുന്നതിനായി ഇവരുടെ പ്രതിമാസ പെൻഷനിൽ നിന്നും 100/-രൂപ വീതം 5 വർഷത്തേക്ക് കുറവുചെയ്യുന്നതിന് താൽക്കാലികതീരുമാനമെടുത്ത് പരാമർശം 2 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു

2. കാരണം കാണിക്കൽ നോട്ടീസിന് ടിയാളുകൾ സമർപ്പിച്ച മറുപടിയിൽ, കെട്ടിട നിർമ്മാണം പൂർത്തിയായി ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് മുനിസിപ്പൽ എഞ്ചിനീയർ അനുവദിച്ചതിനുശേഷമാണ് റവന്യൂ ഇൻസ്പെക്ടർക്ക് ഫയൽ കൈമാറുന്നതെന്ന് ശ്രീ.കെ.പി രാജേന്ദ്രൻ മറുപടി നൽകിയിരുന്നു. കെട്ടിടം പരിശോധിച്ച് കെട്ടിട നമ്പർ അനുവദിച്ച ശേഷം നികുതി ചുമത്തുന്നതിനുള്ള പ്രതിമാസ ലിസ്റ്റ് തയ്യാർ ചെയ്ത് റവന്യൂ ആഫീസർക്ക് ലഭ്യമാക്കിയത് സെക്രട്ടറിയുടെ അംഗീകാരത്തിന് അയക്കുക മാത്രമാണ്

റവന്യൂ ഓഫീസർ ചെയ്യുന്നതെന്ന് ശ്രീ. കെ.വി. വേലായുധന്റെ മറുപടിയിൽ പറയുന്നു. കൂടാതെ സർവ്വീസിൽ നിന്നും വിരമിച്ച ടി ജീവനക്കാരുടെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം കുറവ് ചെയ്യുന്നതിനുള്ള ഉത്തരവ് റദ്ദാക്കണമെന്നും ടിയാളുകൾ അപേക്ഷിച്ചിരുന്നു.

3. നഗരകാര്യ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 5 ലെ റിപ്പോർട്ട് പ്രകാരം, കാരണം കാണിക്കൽ നോട്ടീസിന് മേഖലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ നിന്നും സീനിയർ സൂപ്രണ്ട് നഗരസഭയിൽ നേരിൽ പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം നഗരസഭയിലെ സർവ്വെ നം.296/4 സ്ഥലത്ത് ബി.എ 961/10-11 നമ്പർ കെട്ടിടത്തിന് 28/03/2011-നാണ് പെർമിറ്റ് നൽകിയിട്ടുള്ളത് എന്നും ടി കെട്ടിടത്തിന് 09/01/2012 തീയതീയിൽ ഒക്കുപ്പൻസി അനുവദിച്ചിട്ടുള്ളതാണ് എന്നും കെട്ടിട നിർമ്മാണം പൂർത്തിയായി അപേക്ഷിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഒക്കുപ്പൻസി നൽകുന്നത് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരാണെന്നും ഒക്കുപ്പൻസി അനുവദിച്ചതിനു ശേഷം കെട്ടിട നമ്പർ നൽകുന്നതിനും ടാക്സ് അസ്സസ്സ് ചെയ്യുന്നതിനും റവന്യൂ വിഭാഗത്തിലേക്ക് ഫയൽ നൽകുന്നതിന് മുൻപായി കെട്ടിടം പരിശോധിച്ച് അനധികൃത നിർമ്മാണം ഉണ്ടെങ്കിൽ ആയത് റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് സാങ്കേതിക വിഭാഗമാണെന്നും ആയതിനാൽ ഇതു സംബന്ധിച്ച് മേൽ ജീവനക്കാർ നൽകിയ വിശദീകരണം പരിഗണിക്കാവുന്നതാണെന്നും മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നതായി അറിയിക്കുന്നു.

4. കൂടാതെ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 30/06/2015 ലെ ബി.എ 961/10-11 നമ്പർ ഉത്തരവ് പ്രകാരം അനധികൃതമായി അധികരിച്ച് നിർമ്മിച്ചതിന് റഗുലറൈസേഷൻ ഫീസും ഫൈനും അടവാക്കുന്നതിനും അനധികൃതമായി ഗ്രൗണ്ടിൽ ഓപ്പൺ സ്പേസിൽ ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റ് മേഞ്ഞതും രണ്ടാം നിലയ്ക്ക് മുകളിൽ അനധികൃതമായി ഷീറ്റ് മേഞ്ഞ ഹാഫ് വാൾ നിർമ്മിച്ചത് പൊളിച്ചു മാറ്റുന്നതിനും കക്ഷിക്ക് ഉത്തരവ് നൽകിയിട്ടുള്ളതാണെന്നും മേൽ പ്രകാരം ഫീസും ഫൈനും കക്ഷിയിൽ നിന്നും ഈടാക്കിയിട്ടുള്ളതിനാലും തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതിനാലും ബന്ധപ്പെട്ട ജീവനക്കാരുടെ വിശദീകരണം ഏറെക്കുറെ വസ്തുതാപരമാണെന്നതിനാലും ടിയാന്മാർ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളത് പരിഗണിച്ചും തുടർനടപടികൾ ഒഴിവാക്കാമെന്ന് മേഖലാ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നതായും നഗരകാര്യ ഡയറക്ടർ അറിയിക്കുന്നു. മേൽ സാഹചര്യത്തിൽ കെട്ടിട നിർമ്മാണം പൂർത്തിയായി ഒക്കുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് മുനിസിപ്പൽ എഞ്ചിനീയറാണെന്നുള്ള ബന്ധപ്പെട്ട ജീവനക്കാരുടെ മറുപടി വസ്തുതാപരമാണെന്നതിനാലും ടി ജീവനക്കാർ സർവ്വീസിൽ നിന്ന് വിരമിച്ചിട്ടുള്ള വസ്തുത പരിഗണിച്ചും അനധികൃത നിർമ്മാണത്തിനെതിരെ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതിനാലും ടി ജീവനക്കാരെ തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു .

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ കെട്ടിട നിർമ്മാണം പൂർത്തിയായി അപേക്ഷിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഒക്കുപ്പൻസി നൽകുന്നത് സാങ്കേതിക

വിഭാഗം ഉദ്യോഗസ്ഥരാണെന്നും ഒക്കൂപ്പൻസി അനുവദിച്ചതിനു ശേഷം കെട്ടിട നമ്പർ നൽകുന്നതിനും ടാക്സ് അസ്സസ്സ് ചെയ്യുന്നതിനും റവന്യൂ വിഭാഗത്തിലേക്ക് ഫയൽ നൽകുന്നതിന് മുൻപായി കെട്ടിടം പരിശോധിച്ച് അനധികൃത നിർമ്മാണം ഉണ്ടെങ്കിൽ ആയത് റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് സാങ്കേതിക വിഭാഗമാണെന്നും കാണുന്നതിനാൽ കാരണം കാണിക്കൽ നോട്ടീസിന് ടിയാളുകൾ സമർപ്പിച്ച മറുപടി അംഗീകരിച്ച് സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള റവന്യൂ ഓഫീസറായിരുന്ന ശ്രീ.കെ.വി.വേലായുധൻ, റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ കെ.പി. രാജേന്ദ്രൻ എന്നിവർക്കെതിരായി ആരംഭിച്ച കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരമുള്ള നടപടികളിൽ തുടർനടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.കെ.വി.വേലായുധൻ, റിട്ട.റവന്യൂ ഓഫീസർ, മഞ്ചേരി നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ കെ.പി. രാജേന്ദ്രൻ, റിട്ട. റവന്യൂ ഇൻസ്പെക്ടർ, മഞ്ചേരി നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ